Talented Bankers Literary Panel
പുസ്തക പരിചയം 283.

*ഒരന്വേഷണത്തിന്റെ കഥ*
*കെ വേണു*

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ശാസ്ത്രജ്ഞനാവാൻ ആഗ്രഹിച്ച ഒരാൾ വിപ്ലവപ്രസ്ഥാനത്തിൽ എത്തപ്പെടുകയും തുടർന്ന് ജനാധിപത്യ മാർഗത്തിലേക്ക് തിരിഞ്ഞുനടക്കുകയും ചെയ്തതിന്റെ കഥയാണ് 'ഒരന്വേഷണത്തിന്റെ കഥ' എന്നു വേണമെങ്കില് ചുരുക്കിപ്പറയാം.

ഇത്ര വ്യത്യസ്തമായ ആശയധാരകളോട് എങ്ങനെയാണ് കെ വേണു ആകൃഷ്ടനായത്, എന്തുകൊണ്ടാണ് ഒന്നിൽ നിന്നു മറ്റൊന്നിലേക്ക് ചുവടുമാറ്റിയത്, ഓരോ തവണ നിലപാടു മാറ്റുമ്പോഴും പുതുതായി എന്തെങ്കിലും പഠിക്കുകയോ തിരുത്തുകയോ ചെയ്തിരുന്നോ എന്നു തുടങ്ങി ഒട്ടനവധി വിഷയങ്ങളാണ് 62 അധ്യായങ്ങളിലും 730 ലധികം താളുകളിലുമായി 'ഒരന്വേഷണത്തിന്റെ കഥ' പറഞ്ഞുവെക്കുന്നത്.

ചെറുതും വലുതുമായ പാളിച്ചകളും നിരവധി അബദ്ധങ്ങളും തനിക്കു പറ്റിയതായി വേണു തുറന്നുപറയുന്നു. പക്ഷേ, തികഞ്ഞ സത്യസന്ധതയോടെ അവയെ സമീപിച്ചതായും എത്രയും വേഗത്തിൽ ബോധ്യപ്പെടുന്നുവോ അത്രയും വേഗത്തിൽ തിരിച്ചറിയുകയും തിരുത്തുകയും ചെയ്തതായും വേണു അവകാശപ്പെടുന്നുമുണ്ട്.

ഇത് വേണുവിന്റെ കഥ മാത്രമാണോ ? ഒരിക്കലുമല്ല. ഇതൊരു കാലത്തിന്റെ കഥയാണ്. നമുക്കുപരിചയമുള്ളവരും ഇല്ലാത്തവരുമായ ഒട്ടനവധി കഥാപാത്രങ്ങളാണ് 'കഥ'യിൽ കടന്നുവരുന്നത്.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ സുവോളജി ബിരുദ ക്ലാസിനെ ഒരു വിടവാങ്ങൽ പ്രസംഗത്തിൽ നിന്നാരംഭിക്കുന്ന കഥ കൊടുങ്ങല്ലൂരിനടുത്തുള്ള പുല്ലൂറ്റിലെ വേണുവിന്റെ ബാല്യകാല സ്മരണകളിലൂടെ പുരോഗമിക്കുന്നു.

ജന്തുശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർഥിയായി മലബാർ ക്രിസ്ത്യൻ കോളേജിൽ പഠിക്കുന്ന കാലത്താണ് വേണു ദാർശനിക സംബന്ധിയായ ലേഖനങ്ങളെഴുതാൻ തുടങ്ങുന്നത്. ഭഗവദ്ഗീതയേയും മറ്റും കുറിച്ച് ജനയുഗത്തിൽ വന്ന ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടതോടെ വേണുവിന്റെ ലേഖനങ്ങൾക്ക് വായനക്കാരായി.

ഇതിനിടെ മാർക്സിസ്റ്റ് പാർട്ടിയോട് ആഭിമുഖ്യം തോന്നിയ വേണു

തിരുവനന്തപുരത്തേക്ക് മാറി ദേശാഭിമാനിക്കു വേണ്ടി തർജ്ജമയും മറ്റും ചെയ്യുന്നുണ്ട്.

പക്ഷേ, 1968 ഓടെ തികഞ്ഞ മാവോയിസ്റ്റായി മാറുന്ന വേണു ദേശാഭിമാനിയിൽ നിന്ന് പൂർണമായും അകലുന്നു. തുടർന്ന് നക്സലൈറ്റ് പ്രസ്ഥാനവുമായി അടുക്കുന്നുണ്ടെങ്കിലും തന്റെ ചിരകാല അഭിലാഷമായ ഗവേഷകനാവാനുള്ള ശ്രമത്തിന്റെ ഭാഗമായി 1970 ൽ ഹോർമോണുകളെക്കുറിച്ചു പഠിക്കുന്ന എൻഡോക്രൈനോളജിയിലെ വിദ്യാർഥിയായി മാർ ഇവാനിയോസ് കോളേജിൽ പോവുന്നു.

എന്നാൽ, 1972 ഓടെ ഗവേഷണം ഉപേക്ഷിച്ച് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായിത്തീരുകയാണ് വേണു.

തുടർന്ന് ജയിൽവാസം, ഒളിവുജീവിതം, അടിയന്തരാവസ്ഥ, തടവുചാട്ടം, രാഷ്ട്രീയമായ ചേരിതിരിവ്, വിവാഹം, തീവ്രവാദത്തോടു വിടപറയൽ, തെരഞ്ഞെടുപ്പു രാഷ്ട്രീയം എന്നിങ്ങനെ കടന്നുപോകുന്നു കാലം.

അന്വേഷണത്തിനു വേണ്ടിയുള്ള അന്വേഷണമായിരുന്നോ വേണു നടത്തിയത്? അതോ ജീവിതത്തിന്റെ സ്വാഭാവിക പ്രക്രിയയിൽ മറ്റാർക്കും സംഭവിക്കുന്നതുപോലെ സംഭവിച്ചുപോയ ഒന്നു മാത്രമായിരുന്നോ ?

ഉത്തരങ്ങൾ വ്യത്യസ്തമായിരിക്കാം. പക്ഷേ ഒന്നുമാത്രം ഉറപ്പിച്ചുപറയാം ഒരന്വേഷണത്തിന്റെ കഥ എന്ന ഈ ആത്മകഥ കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ താൽപര്യമുള്ളവർക്ക് മികച്ച വായനാനുഭവമായിരിക്കും പ്രദാനംചെയ്യുക.

ഒരുലക്ഷം രൂപയും ശിൽപ്പവും അടങ്ങിയ, ഫെഡറൽ ബാങ്കിന്റെ പ്രഥമ സാഹിത്യ പുരസ്കാരത്തിന് അർഹമായ കൃതി കൂടിയാണ് ഒരന്വേഷണത്തിന്റെ കഥ എന്നു കൂടി പറയട്ടെ.

പ്രസാധകർ: ഡിസി ബുക്സ്
വില : 799 രൂപ